# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

CIN:U40100KL2011SGC027424

**രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം , തിരുവനന്തപുരം -695004 , കേരളം.**

**ഫോൺ :** +91471 2514472 2514527 2514455 2514608

**വെബ് :** www.kseb.in **ഇ-മെയിൽ** poksEB@gmail.com


## സംഗ്രഹം

കെ.എസ്.ഇ.ബി ലിമിറ്റഡിലെ ജീവനക്കാർക്കായി 2022 വർഷത്തേയ്ക്ക് ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്നതു സംബന്ധിച്ചും, ഡിസംബർ മാസത്തിലെ ജീവനക്കാരന്റെ ശമ്പളത്തിൽ നിന്നും കിഴിവു നടത്തിയ തുകയിൽ നിന്ന് ഇൻഷ്വറൻസ് പ്രീമിയം തുക കുറവ് ചെയ്ത് ബാക്കി തിരികെ നൽകുന്നത് സംബന്ധിച്ചും പുറപ്പെടുവിക്കുന്ന ഉത്തരവ്.

---

## കോർപ്പറേറ്റ് ഓഫീസ് (പേഴ്സണൽ)

ബോർഡ് ഉത്തരവ് (എഫ്.റ്റി.ഡി) നം. 94/2022 (പി.എസ്.2/ഇ.ഡബ്ല്യൂ.എഫ്/ജി.ബി/2016) തിരുവനന്തപുരം.
തീയതി : 04/02/2022

---

പരാമർശം :
1). ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി സമർപ്പിച്ച Bipartite Service Level Agreement ന്റെ കരട്.
2). 30.12.2021 ൽ ചേർന്ന KSEB EWF ഭരണ സമിതിയോഗത്തിന്റെ മിനിട്സ്.
3). ചീഫ് പേഴ്സണൽ ഓഫീസർ മുഴുവൻ സമയ ഡയറക്ടർമാർ മുമ്പാകെ സമർപ്പിച്ച കുറിപ്പ് നമ്പർ പി.എസ്.2/EWF/GB/2016 തീയതി. 13.01.2022 (അജണ്ട 84/1/22)
4). ഫിനാൻഷ്യൽ അഡ്വൈസറുടെ റിമാർക്ക് No. FA/WF/KSEB Group Personal Accident Insurance/2022/തീയതി 20.01.2022.

## ഉത്തരവ്

കെ.എസ്.ഇ.ബി ലിമിറ്റഡിലെ ജീവനക്കാർക്കായി 2022 വർഷത്തേയ്ക്ക് ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്നതു സംബന്ധിച്ച വിഷയം 30.12.2021 ലെ കെ.എസ്.ഇ.ബി വെൽഫയർ ഫണ്ടിന്റെ ഭരണസമിതി യോഗത്തിൽ ചർച്ച ചെയ്യുകയും ആയതിൽ കെ.എസ്.ഇ.ബി.എൽ-ന്റെ അനുമതിയോടുകൂടി ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുടെ 600+GST പ്രീമിയത്തിന് 15,00,000/- രൂപ അപകട മരണ ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്ന ഇൻഷ്വറൻസ് പോളിസിയിൽ ചേരുന്നതിന് ഭരണസമിതി അംഗങ്ങൾ സമ്മതം രേഖപ്പെടുത്തുകയുമുണ്ടായി. കൂടാതെ ജീവനക്കാരുടെ ഡിസംബർ മാസത്തിലെ ശമ്പളത്തിൽ നിന്ന് ഗ്രൂപ്പ് പേഴ്സണൽ ഇൻഷ്വറൻസ് പരിരക്ഷയ്ക്കായി കിഴിവു നടത്തിയ 1004/- രൂപയിൽ നിന്ന് ഇൻഷ്വറൻസ് പ്രീമിയം തുക കുറവു ചെയ്തതിനു ശേഷം ബാക്കി വരുന്ന തുക ജീവനക്കാർക്ക് തിരികെ നൽകേണ്ടതിനായി കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ അനുമതി ആവശ്യപ്പെടുകയുമുണ്ടായി.

ടി. വിഷയങ്ങളിലെ തീരുമാനം ഒരു ബോർഡ് ഉത്തരവ് മുഖേന പുറപ്പെടുവിക്കുന്നതിനായി പരാമർശം (3) കുറിപ്പ് പ്രകാരം മുഴുവൻ സമയ ഡയറക്ടർമാർ മുമ്പാകെ സമർപ്പിക്കപ്പെട്ടുകയുണ്ടായി.

26.01.2022 ൽ ചേർന്ന മുഴുവൻ സമയ ഡയറക്ടർമാരുടെ യോഗം ടി. വിഷയം വിശദമായി പരിശോധിക്കുകയും ഫിനാൻഷ്യൽ അഡ്വൈസറുടെ പരാമർശം (സൂചന 4) കൂടി പരിഗണിച്ച് ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ എടുക്കുകയുണ്ടായി.

1. KSEB EWF ന്റെ 30.12.2021 ലെ ഭരണ സമിതി യോഗതീരുമാനം കണക്കിലെടുത്ത് 2022 വർഷത്തേയ്ക്ക് കെ.എസ്.ഇ.ബി ലിമിറ്റഡ് ജീവനക്കാർക്കായി ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുടെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയുടെ Agreement ലെ Terms & Conditions ന് വിധേയമായി ചേരാവുന്നതാണ്.
2. 2022 വർഷത്തേയ്ക്കായി 600+GST യ്ക്ക് 15,00,000/- ലക്ഷം രൂപ മരണാനന്തര ക്ലെയിം തുകയും മാരകമല്ലാത്ത അപകടം സംഭവിക്കുന്നവർക്ക് ആനുപാതിക അവശതാ ആനുകൂല്യം permanent total disablement/permanent partial disablement – ന്റെ ശതമാനത്തിന് പട്ടികയിലെ റേറ്റ് പ്രകാരവും മറ്റ് അനുബന്ധ ആനുകൂല്യങ്ങളും ലഭ്യമാകുന്ന ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുടെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയിൽ കെ.എസ്.ഇ.ബി ലിമിറ്റഡ് ജീവനക്കാരെ ചേർക്കാവുന്നതാണ്.
3. 2022 വർഷത്തേയ്ക്ക് ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയ്ക്കായി ജീവനക്കാരിൽ നിന്നും സമാഹരിച്ച 1004/- രൂപ യിൽ നിന്ന് 600+GST പ്രകാരം വരുന്ന ആകെ പ്രീമിയം തുക ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയ്ക്ക് കൈമാറാവുന്നതാണ്. ഇൻഷ്വറൻസ് പ്രീമിയം കുറവ് ചെയ്ത ശേഷമുള്ള ബാക്കി തുക ജീവനക്കാർക്ക് തിരികെ നൽകേണ്ടതാണ്.
4. ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ആവശ്യപ്പെടുന്നതിൻ പ്രകാരം ജീവനക്കാരുടെ വിവരങ്ങളടങ്ങിയ പട്ടികയും അനുബന്ധ വിവരങ്ങളും ഇൻഷ്വറൻസ് കമ്പനിയ്ക്ക് കൈമാറാവുന്നതാണ്.
5. ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുമായുള്ള എഗ്രിമെന്റിൽ കെ.എസ്.ഇ.ബി ലിമിറ്റഡിനെ പ്രതിനിധീകരിച്ച് ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ഒപ്പ് വയ്ക്കുവാൻ തീരുമാനിച്ചു.

2022 വർഷത്തേയ്ക്കായി ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയ്ക്കായി ജീവനക്കാരിൽ നിന്നും കിഴിവു ചെയ്ത 1004/- രൂപ യിൽ നിന്നും 600+GST പ്രകാരം വരുന്ന ആകെ പ്രീമിയം തുക ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയ്ക്ക് കൈമാറുന്നതിനും പ്രീമിയം കുറവ് ചെയ്ത ശേഷമുള്ള ബാക്കി തുക ജീവനക്കാരന്

തിരികെ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ഫിനാൻഷ്യൽ അഡ്വൈസർ സമയബന്ധിതമായി കൈക്കൊള്ളേണ്ടതാണ്.

മേൽ തീരുമാനങ്ങളനുസരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുഴുവൻ സമയ ഡയറക്ടർമാരുടെ ആജ്ഞാനുസരണം

**ഒപ്പ്**
**ലേഖ. ജി**
**കമ്പനി സെക്രട്ടറി ഇൻ-ചാർജ്ജ്**

**ഗ്രാഹകൻ**

ചീഫ് എഞ്ചിനീയർ (HRM)

പകർപ്പ് :-

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ / ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ/ ചീഫ് വിജിലൻസ് ഓഫീസർ/ കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ് / എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും /
ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, & ഐ.റ്റി)
ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ,)
ടി. എ ടു ഡയറക്ടർ (പ്ലാനിംഗ്, സേഫ്റ്റി & എസ്.സി.എം)
ടി. എ ടു ഡയറക്ടർ {ജനറേഷൻ & ഇലക്ട്രിക്കൽ}
ടി. എ ടു ഡയറക്ടർ {ജനറേഷൻ (സിവിൽ)}
ടി. എ ടു ഡയറക്ടർ {റീസ്, സൗര, സ്പോർട്സ് & വെൽഫയർ}
എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും/
ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
പി. എ ടു ഡയറക്ടർ (ഫിനാൻസ്) /എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും/
സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)/ ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്